"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- ഡി.സി കിഴക്കേമുറി ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ 2024 ന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.171/2024/TSM    തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. ഡി.സി കിഴക്കുമുറി ഫൗണ്ടേഷൻ സെക്രട്ടറി സമർപ്പിച്ച 28.10.2023 തീയതിയിലെ DCKF/KLF-2024/10-007 നമ്പർ അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 12.01.2024 തീയതിയിലെ DOT/83/2024-M1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഡി.സി കിഴക്കേ മുറി ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ സാഹിത്യോത്സവമായ കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ ഏഴാം പതിപ്പിന് സാമ്പത്തികസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറി, ഡി.സി കിഴക്കേ മുറി ഫൗണ്ടേഷൻ പരാമർശം(1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സാംസ്കാരിക ടൂറിസത്തിന് അനവധി സാധ്യതകൾ കേരളത്തിൽ തുറന്നിടുന്ന സാഹിത്യോത്സവം എന്ന നിലയിൽ ഡി.സി കിഴക്കേമുറി ഫൗണ്ടേഷന്റേയും ഡി.സി ബുക്ക്സിന്റേയും ആഭിമുഖ്യത്തിൽ നടത്തുന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന് പര്യാപ്തമായ ധനസഹായം 3452-80-104-98-00-34-03- പിവി മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് കടപ്പുറത്ത് വെച്ച് 2024 ജനുവരി 11, 12, 13, 14 തീയതികളിൽ നടന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ ഏഴാം പതിപ്പിനു "3452-80-104-98-00-34-03- പിവി മാർക്കറ്റിംഗ് "എന്ന ശീർഷകത്തിൽ നിന്നും ₹ 1,00,000/- രൂപ(ഒരു ലക്ഷം രൂപ മാത്രം) സാമ്പത്തിക സഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി

ഉത്തരവാകുന്നു.

4. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം സെക്രട്ടറി, ഡി.സി കിഴക്കുമുറി ഫൗണ്ടേഷൻ, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ആയതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 16-03-2024 21:28:20
സെക്ഷൻ ഓഫീസർ

പകർപ്പ്:-

വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ. യ്ക്ക്

വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്